## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7758 23.07.2012 -ൽ മറുപടിയ്ക്ക്

### ചെക്ക്പോസ്റ്റുകളിലെ വെയ്ബ്രിഡ്ജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാജു | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ ചെക്ക് പോസ്റ്റുകളിലാണ് വെയ്ബ്രിഡ്ജുകൾ ഉള്ളതെന്നും ഇതിൽ എവിടെയൊക്കെയാണ് ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ ഉള്ളതെന്നും വ്യക്തമാക്കുമോ ; : | (എ) | അമരവിള, വാളയാർ, കുമിളി, ഗോപാലപുരം, ഗോവിന്ദപുരം, മീനാക്ഷിപുരം, നടുപ്പുണി, കൂട്ടുപുഴ, ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ വെയ്ബ്രിഡ്ജുകൾ ഉണ്ട്. ഇവയെല്ലാം ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ ആണ്. |
| (ബി) | നിലവിൽ ഏതൊക്കെ ചെക്ക് പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | വാളയാർ, ബംഗ്രമഞ്ചേശ്വരം, മീനാക്ഷിപുരം, നടുപ്പുണി, ഗോപാലപുരം, ഗോവിന്ദപുരം, കൂട്ടുപുഴ, എന്നീ ചെക്ക് പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് പ്രവർത്തനക്ഷമമാണ്. |
| (സി) | കേരളത്തിലെ പ്രധാന ചെക്ക് പോസ്റ്റുകളിൽ ഒന്നായ ആര്യങ്കാവിൽ എന്നു മുതലാണ് വെയ്ബ്രിഡ്ജ് ഉപയോഗശൂന്യമായത് ; തൻമൂലം നാളിതുവരെ അമിതഭാരം കയറ്റി വരുന്ന വാഹനങ്ങൾക്ക് പിഴ ചുമത്താത്തതുമൂലം എത്ര ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് ; | (സി) | ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ വെയ്ബ്രിഡ്ജ് സ്ഥാപിച്ചിട്ടില്ല ; നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടില്ല |
| (ഡി) | ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ ഇലക്ട്രോണിക് വെയ്ബ്രിഡ്ജ് സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; അമരവിള, വാളയാർ ചെക്ക് പോസ്റ്റുകളിൽ | (ഡി) | ആര്യങ്കാവിൽ നിലവിലുള്ള ചെക്ക് പോസ്റ്റിൽ സ്ഥലപരിമിതി മൂലം, വെയ്ബ്രിഡ്ജ് ഉൾപ്പെടെയുള്ള സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് വേണ്ടി തെന്മലയിൽ 8 ഏക്കർ വനഭൂമി ഏറ്റെടു |

| | | | |
|---|---|---|---|
| | ഇവയുടെ പ്രവർത്തനം സ്വകാര്യ ഏജൻസിയെയാണോ ഏൽപ്പിച്ചിട്ടുളളത് ; എങ്കിൽ ഇതിന്റെ കൃത്യതയും കാര്യക്ഷമതയും വിലയിരുത്തുവാൻ ഏത് സംവിധാന മാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | | ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 5.12.2006 ലെ ജി.ഒ.(ആർ.ടി) 125/06/ടി.ഡി സർക്കാർ ഉത്തരവ് പ്രകാരം ബിൽഡ് ഓൺ ഓപ്പറേറ്റ് (ബി.ഒ.ഒ) അടിസ്ഥാന ത്തിലാണ് അമരവിള, വാളയാർ എന്നീ ചെക്ക്പോസ്റ്റുകളിൽ ഇലക്ട്രോണിക് വെയ്ബ്രിഡ്ജ് സ്ഥാപിച്ചിട്ടുള്ളത്. ഇതനു- സരിച്ച് കിറ്റ്കോ മുഖേന ടെൻഡർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ കൺസഷൻ കാലാവധി സമ്മതിച്ചിട്ടുള്ളവർക്കാണ് വെയ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയത്. ബി.ഒ.ഒ. വ്യവസ്ഥ അനു സരിച്ച് ടെൻഡർ ലഭിക്കുന്നവർ വെയ് ബ്രിഡ്ജ് സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് കാലാവധി പൂർത്തിയാകുമ്പോൾ പ്രവർ ത്തനം മതിയാക്കി വെയ്ബ്രിഡ്ജുകൾ പൊളിച്ചുമാറ്റേണ്ടതാണ്. കാലാവധി ക്കുള്ളിൽ വാഹനങ്ങളുടെ ഭാരം പരിശോ ധിക്കുന്നതിന് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള തുക ഈടാക്കാവുന്നതാണ്.<br>പ്രസ്തുത ഉത്തരവ് പ്രകാരം വെയ് ബ്രിഡ്ജുകളുടെ പ്രവർത്തനങ്ങളിന്മേൽ നിയന്ത്രണം ഉണ്ടാക്കിയിട്ടുണ്ട്. ഇതനുസ- രിച്ച് പരിശോധിക്കാതെ കടത്തിവിടുന്ന ഓരോ വാഹനങ്ങൾക്കും 500 രൂപ നിരക്കിൽ കൺസഷനയറിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. വാണിജ്യനികുതി കമ്മീഷണറോ മറ്റു അധികാരികളോ നടത്തുന്ന പരിശോധനയിൽ വെയ് ബ്രിഡ്ജിൽ എന്തെങ്കിലും കൃത്രിമം കണ്ടുപിടിക്കാനിടയായാൽ ഒരു ലക്ഷം രൂപ വരെ കൺസഷനയറിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. മറ്റുള്ളവർ വെയ് ബ്രിഡ്ജുകളിൽ വ്യത്യാസങ്ങൾ വരുത്തു |

| | | | |
|---|---|---|---|
| | | | ന്നത് ഒഴിവാക്കുന്നതിനായി ഒരു ലോക്കിംഗ് സിസ്റ്റം വെയ്ബ്രിഡ്ജുകളിൽ സ്ഥാപിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) | ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുവാൻ ഏകീകൃത സംവിധാനം എന്ന നിലയിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ ആധുനിക സാങ്കേതിക സംവിധാനത്തോടെ വെയ്ബ്രിഡ്ജുകളുടെ കൃത്യത ഉറപ്പുവരുത്തി വാഹനങ്ങൾക്ക് നിശ്ചിത തുക യൂസേഴ്സ് ഫീ ഈടാക്കി കൃത്യമായ വരുമാനം ഉറപ്പാക്കുന്ന സംവിധാനം കൊണ്ടുവരുന്നത് നന്നായിരിക്കുമോ ; ഇത് പരിഗണിക്കുമോ ? | (ഇ) | ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ